(ഇ) സംസ്ഥാന സർക്കാരിന് വാട്ടർ അതോറിറ്റിയുടെമേൽ എന്തെല്ലാം അധികാരങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതു താൽപ്പര്യം മുൻനിർത്തി, ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണറായിരുന്ന റിട്ടയേർഡ് ജോയിന്റ് ലേബർ കമ്മീഷണർ ശ്രീ. എം. മോഹനചന്ദ്രബാബുവിനെ കക്കാട് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിലെ ജോയിന്റ് ലേബർ കമ്മീഷണറായി സ്ഥലംമാറ്റി നിയമിച്ചിരുന്നു. ഇത് സംബന്ധിച്ച് ശ്രീ. മോഹനചന്ദ്രബാബുവിന്റെ ഭാര്യ ശ്രീമതി സി. രമണിയുടെ പരാതി സർക്കാരിന് ലഭിച്ചിരുന്നു. കൂടാതെ ഒരു ഹെഡ് ക്ലാർക്കിന്റെ സ്ഥലം മാറ്റം സംബന്ധിച്ച് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ട്.

(സി) ജലസേചന വകുപ്പിൽ 142 എൻജിനീയർമാരേയും കേരള വാട്ടർ അതോറിറ്റിയിൽ 111 എൻജിനീയർമാരേയും സ്ഥലംമാറ്റിയിട്ടുണ്ട്.

ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ജലസേചന വകുപ്പിൽ പതിനാറ് പേരും കേരള വാട്ടർ അതോറിറ്റിയിൽ മുപ്പത്താറ് പേരും ഉണ്ട്.

(ഇ) ഒരു അർദ്ധസർക്കാർ സ്ഥാപനത്തിൻമേലുള്ള സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായി സ്വയംഭരണാധികാരമാണ് വാട്ടർ അതോറിറ്റിക്കുള്ളത്.

86 (482) സംസ്ഥാനത്തിന്റെ തൊഴിൽനയം

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തൊഴിൽനയം എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ബി) തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 1.6.1998 മുതൽ 31.5.1999 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിൽ എത്ര തൊഴിൽസമരങ്ങളുണ്ടായി എന്ന് വിശദമാക്കുമോ;

(ഡി) തൊഴിൽസമരങ്ങൾമൂലം ഈ കാലയളവിൽ എത്ര ഫാക്ടറികൾ ലോക്കൗട്ട് ചെയ്യുകയോ പൂട്ടിയിടുകയോ ചെയ്തുവെന്ന് അറിയിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തൊഴിൽ നഷ്ടപ്പെട്ടതുമൂലം തൊഴിലാളികൾ ആത്മഹത്യ ചെയ്ത സംഭവങ്ങൾ ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ തൊഴിൽ നയം താമസംവിനാ പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കും. കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുമായി വിശദമായ ഒരു ചർച്ച നടത്തിയശേഷം മാത്രമേ തൊഴിൽനയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ. അതിന്റെ കരട് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തൊഴിൽമേഖലയിൽ തൊഴിൽതർക്കങ്ങൾ ഉണ്ടായാൽ അവ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിൽ വിവിധ തലങ്ങളിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥൻമാരുണ്ട്. ഈ ഉദ്യോഗസ്ഥൻമാർ തൊഴിൽതർക്കങ്ങൾ പരിഹരിക്കുന്നതിനായി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും ചർച്ചയിലൂടെ അവ പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. പരിഹരിക്കപ്പെടാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടെ തീർപ്പിന് വിടാറുണ്ട്. ഇതിനുപുറമെ സംസ്ഥാനതലത്തിൽ വ്യാവസായികാടിസ്ഥാനത്തിലുണ്ടാകുന്ന തൊഴിൽതർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി വിവിധ തൊഴിൽമേഖലകളിൽ തൊഴിലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായ ബന്ധ സമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

(സി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) തൊഴിൽ സമരംമൂലം 1.6.98 മുതൽ 31.5.99 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് പാലക്കാട് കഞ്ചിക്കോട് ശ്രീ. ലാസ്പിൻ ലിമിറ്റഡ് എന്ന സ്ഥാപനം മാത്രമേ പൂട്ടിയിട്ടിട്ടുള്ളൂ.

(ഇ) തൊഴിൽ നഷ്ടപ്പെട്ടതുമൂലം തൊഴിലാളികൾ ആത്മഹത്യ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

87 (483) സംസ്ഥാന ഗവൺമെന്റിന്റെ തൊഴിലാളി നയം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് തൊഴിലാളിനയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇല്ലാത്തപക്ഷം ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി തൊഴിലാളി നയത്തിന് രൂപം കൊടുക്കുവാൻ നടപടിയെടുക്കുമോ?

---

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

നക്ഷത്രചിഹ്നമിടാത്ത 86 (482)-ാം നമ്പർ ചോദ്യം കാണുക

1.6.1998 മുതൽ 31.5.1999 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ തൊഴിൽസമരങ്ങൾ ഉണ്ടായി.

1.	കയർ വർക്കേഴ്സ് (സ്പിന്നിംഗ് വിഭാഗം) ആലപ്പുഴ	5.5.99 മുതൽ
2.	കെ.എൻ.ജി. ബ്രദേഴ്സ് ആന്റ് പൈസ് ടെക്സ്റ്റൈൽസ് മുതലായവ ആലപ്പുഴ	18.3.99 മുതൽ
3.	മാറ്റ്സൺ ഫാർമസ്യൂട്ടിക്കൽസ്, കോട്ടയം	17.12.98 മുതൽ
4.	ഗ്രാമ്സലാന്റ് എസ്റ്റേറ്റ് (ടാറ്റാ ടി ലിമിറ്റഡ്, മൂന്നാർ, ഇടുക്കി)	22.3.99 മുതൽ
5.	റബ്ബർ (സി) ഡിവിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം	12.4.99 മുതൽ
6.	വി ആന്റ് ജെ ഓട്ടോ ഡിസ്ട്രിബ്യൂട്ടേഴ്സ്, തൃശ്ശൂർ	4.6.1998 മുതൽ
7.	ഖാലാജി മോഡേൺ സ്പിന്നേഴ്സ്, പാലക്കാട്	23.9.98 മുതൽ
8.	പാറ്റ്സ്ട്രൺ ഇൻഡസ്ട്രീസ്, പാലക്കാട്,	21.2.99 മുതൽ
9.	ശ്രീ. ലാസ്പിൻ ലിമിറ്റഡ്, കഞ്ചിക്കോട്, പാലക്കാട്	8.4.99 മുതൽ
10.	ഡിസ്ക്കൽ ടെലിവിഷൻ ലിമിറ്റഡ്, മഞ്ചേരി, മലപ്പുറം	27.5.99 മുതൽ
11.	നാല് സിനിമാ തിയേറ്ററുകൾ - കല്പറ്റ (അനന്തപത്മനാഭ, വിജയ, ജൈത്ര, മഹാവീര) വയനാട്	6.12.98 മുതൽ
12.	ഫോറോക്ക് ഏരിയായിലെ ടൈൽ ഫാക്ടറികൾ, കോഴിക്കോട്	12.12.98 മുതൽ
13.	കോമൺവെൽത്ത് ഹാന്റ്ലൂം വീവിംഗ് ഫാക്ടറി, കോഴിക്കോട്	19.11.98 മുതൽ
14.	കാലിക്കറ്റ് എസ്റ്റേറ്റ്, കോഴിക്കോട്	5.9.98 മുതൽ
15.	കോമൺവെൽത്ത് ട്രസ്റ്റ് ഹാന്റ്ലൂം വീവിംഗ് ഫാക്ടറി, കോഴിക്കോട്	26.12.98 മുതൽ
16.	തിരുവമ്പാടി റബ്ബർ കമ്പനി ലിമിറ്റഡ്, കോഴിക്കോട്	17.3.98 മുതൽ
17.	ഹെഡ്ലോഡ് വർക്കേഴ്സ്, തൃക്കരിപ്പൂർ, കാസർഗോഡ്	5.5.99 മുതൽ

LIBRARY ARCHIVES Kerala Legislative Assembly